# മഹാത്മഗാന്ധി ദേശീയ ഗ്രാമീണ

## തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

പൂവച്ചൽ ഗ്രാമ പഞ്ചായത്ത്

വാർഡ് - 10

പട്ടകുളം

വെള്ളനാട് ബ്ലോക്ക്


തിരുവനന്തപുരം ജില്ല

തയ്യാറാക്കിയത് : ശ്രീകല .ഐ എം

ബ്ലോക്ക് റിസോഴ്സ് പേഴ്സൺ-സോഷ്യൽ ഓഡിറ്റ്

വെള്ളനാട് ബ്ലോക്ക്

# പൂവച്ചൽ ഗ്രാമപഞ്ചായത്ത്



**ആമുഖം**

ഭാരതത്തിലെ സാധാരണക്കാരായ ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടി, 2005 ൽ പാർലമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വഴി നടപ്പിലാക്കിയ അവകാശാധിഷ്ട്ടിധ തൊഴിൽ ദാന പദ്ധതിയാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി .ഗ്രാമ പഞ്ചായത്ത് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമീണ മേഖല യിലെ കുടുംബങ്ങൾക്ക് ആവശ്യപ്പെടുന്ന മുറയ്ക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 അവിദഗ്ദ തൊഴിൽ ദിനങ്ങൾ ഉറപ്പു വരുതുന്നതിനോപ്പം ഉപജീവനം മെച്ചപ്പെടുത്ത്രുന്നതിനുള്ള വിഭവാടിത്തറ ശക്തിപ്പെടുത്തുക,അതുവഴി ഗുണമേന്മയുള്ളതും സുസ്ഥിരവുമായ ആസ്തി വികസിപ്പിക്കുക,പഞ്ചായത്ത് സ്ഥാപനങ്ങളെ ശക്തി പ്പെദുത്തുക, സാധാരണക്കാരായ ജനങ്ങളെ ആസൂത്രണത്തിൽ പങ്കാളിയാക്കുക എന്നിവയും പദ്ധതി ലക്ഷ്യങ്ങളാണ്.

പദ്ധതിയുടെ സവിശേഷതകൾ :

> തൊഴിൽ ചെയ്യാനുള്ള അവകാശം നിയമം വഴി ഉറപ്പ് നൽകുന്നു.

> ഗ്രാമീണ മേഖലയിൽ പതിനെട്ടു വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ അംഗമാകാം.

> സ്ത്രീകൾക്ക് മുൻഗണന, സ്ത്രീയ്ക്കും പുരുഷനും തുല്യ വേതനം .

> പ്രകൃതിവിഭവങ്ങളുടെ പരിപാലനം, പരിസ്ഥിതി സംരക്ഷണം, കാർഷികമേഖലയിലെ അടിസ്ഥാനസൗകര്യവികസനം എന്നിവയ്ക്ക് മമുൻഗണന നൽകുന്ന പ്രവർത്തികൾ.

> കരാറുകാർ,ഇടനിലക്കാർ ഇല്ല.

> ആസൂത്രണത്തിലും നിർവഹണത്തിലും സുതാര്യത .

> പൊതുജന പങ്കാളിത്തത്തിലൂടെയുള്ള പദ്ധതി ആസൂത്രണം .

> ബാങ്ക് വഴിയുള്ള വേതന വിതരണം.

> ജനകീയംമായ മോനിട്ടറിംഗ് സംവിധാനം.

> ഗ്രാമസഭയിൽ നടക്കുന്ന പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് .

**തൊഴിലാളികളുടെ അവകാശങ്ങൾ :**

>തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അവകാശം – തൊഴിൽ കരടിന് അപേക്ഷിക്കുന്നതിനും അപേക്ഷിച്ച് 15  ദിവസത്തിനുള്ളിൽ കാർഡ് ലഭ്യമാകുന്നതിനുമുള്ള അവകാശം.>തൊഴിലിനായി അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം

>താമസ സ്ഥലത്തിനു അഞ്ച് കിലോമീറ്റർ ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം. അഞ്ച് കിലോമീറ്ററിൽ അധിക ദൂരമായാൽ പത്ത് ശതമാനം അധിക വേതനം ലഭിക്കുന്നതിനുള്ള അവകാശം .

> 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചില്ലെങ്കിൽ തുടർന്ന് വരുന്ന ദിവസങ്ങൾക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.

> ചെയ്യുന്ന തൊഴിലിനു നിശ്ചിത വേതനം ലഭിക്കാനുള്ള അവകാശം

> തൊഴിൽ ചെയ്ത് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനും ലഭ്യമായില്ലെങ്കിൽ നഷ്ട പരിഹാരം ലഭ്യമാകാനുള്ള അവകാശം .

> തൊഴിൽ സ്ഥലത്ത് കുടിവെള്ളം,വിശ്രമത്തിനുള്ള സൗകര്യംചികിൽസയ്ക്കുള്ള സൗകര്യം ഇവ ലഭിക്കാനുള്ള അവകാശം.

> തൊഴിൽ സ്ഥലത്ത് അഞ്ചു വയസ്സിൽ താഴെയുള്ള അഞ്ചിലധികം കുട്ടികളുണ്ടെങ്കിൽ ആയയുടെ സേവനം ലഭ്യമാകാനുള്ള അവകാശം.

>തൊഴിൽ സ്ഥലത്ത് വച്ച് അപകടമുണ്ടായാൽ നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം

> പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഗ്രാമസഭയിൽ അവ സാമൂഹ്യ പരിശോധന നടത്തുന്നതിനുമുള്ള അവകാശം.

> പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുന്നതിനും അവ സമയ ബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള അവകാശം.

**സോഷ്യൽ ഓഡിറ്റ് :**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്ന ജനകീയ പരിശോധന സംവിധാനമാണ് സോഷ്യൽ ഓഡിറ്റ്. പദ്ധതിയുടെ നിർവ്വഹണവുമായി  ബന്ധപ്പെട്ട രേഖകൾ, നടപ്പിലാക്കിയ രീതി, പദ്ധതിയിൽ പങ്കാളികളായവരിൽ നിന്നും ഗുണ ഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ,എന്നിവ പരിശോധിച്ച് തുക വിനിയോഗത്തിലൂടെ പദ്ധതിയുടെ പ്രയോജനം, ലക്ഷ്യം എന്നിവ എത്രത്തോളം സാധ്യമായിട്ടുണ്ട് എന്ന് കണ്ടെത്തി,   സോഷ്യൽ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്ന പരിശോധനാരീതിയാണ് സോഷ്യൽ ഓഡിറ്റ്.

**സോഷ്യൽ ഓഡിറ്റ് - രീതീശാസ്ത്രം ( METHODOLOGY )**

1. ഫയൽ പരിശോധന .

2.. ഫീൽഡ് പരിശോധന, വിവരശേഖരണം

3. നിർവഹണവുമായി ബന്ധപ്പെട്ടവരുമായി അഭിമുഖം.( ഉദ്യോഗസ്ഥർ കൺവീനർ,ജനപ്രതിനിധികൾ,തൊഴിലാളികൾ,കർഷകർ തുടങ്ങിയവർ)

4. ഡോർ ടു ഡോർ വെരിഫിക്കേഷൻ

5. കണ്ടെത്തിയ വിവരങ്ങളുടെ ക്രോഡീകരണം

6. കരട് റിപ്പോർട്ട് തയ്യാറാക്കൽ

7. ഗ്രാമസഭ –റിപ്പോർട്ട് അവതരണം –ചർച്ച –അംഗീകരിക്കൽ

8. അന്തിമ റിപ്പോർട്ട് തയ്യാറാക്കൽ

**പൂവച്ചൽ പഞ്ചായത്ത് - വാർഡ് നമ്പർ : 10 പട്ടകുളം**

**സോഷ്യൽ ഓഡിറ്റ്**

പഞ്ചായത്ത് –അടിസ്ഥാന വിവരങ്ങൾ :

ജില്ല : തിരുവനന്തപുരം

ബ്ലോക്ക് : വെള്ളനാട്

വാർഡുകൾ : 23

**പട്ടകുളം വാർഡ് അടിസ്ഥാന വിവരങ്ങൾ**

2018 -19 വർഷം ചെയ്ത പ്രവർത്തികൾ : 15

നിലവിൽ ആക്ടീവ്തൊഴിലാളികൾ : 288

2018-19 വർഷം 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവർ :119

സോഷ്യൽ ഓഡിറ്റ് പീരീഡിലെ പ്രവർത്തികൾ : 10

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ :

| Sl No | Work code | Name of work |
| --- | --- | --- |

| | | |
|---|---|---|
| 1 | AV/2070 | പട്ടകുളം വാർഡിൽ അംഗൻവാടി കെട്ടിട നിർമ്മാണം |
| 2 | IC/32227 | പട്ടകുളം വീരണകാവ് മേഖലയിൽ കനാൽ പുനരുദ്ധാരണം |
| 3 | WC/333695 | പട്ടകുളം വാർഡിൽ മങ്കാരക്കോണം മേഖലയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ |
| 4 | WC/333505 | പട്ടകുളം മേഖലയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ |
| 5 | DP/276117 | പട്ടകുളം വാർഡിൽ തെങ്ങിൻ തൈ വച്ചുപിടിപ്പിക്കൽ |
| 6 | RC/274248 | പട്ടകുളം വാർഡിൽ മങ്കാരക്കോണം റോഡ് കോൺക്രീറ്റ് |
| 7 | IF/382025 | പട്ടകുളം വാർഡിൽ വിവിധ മേഖലകളിൽ ലൈഫ് ഭവനപദ്ധതി |
| 8 | IF/382034 | കള്ളിപ്പാറക്കുഴി മേഖലയിൽ ലൈഫ് ഭവനപദ്ധതി |
| 9 | IF/382040 | പട്ടകുളം വാർഡിൽ പനങ്ങോട്ടുകോണംമേഖലയിൽ ലൈഫ് ഭവനപദ്ധതി |
| 10 | IF/382052 | മങ്കാരക്കോണം മേഖലയിൽ ലൈഫ് ഭവനപദ്ധതി |

## രജിസ്റ്റർ പരിശോധന

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ

1.ജോബ് കാർഡ് രജിസ്റ്റർ

2. ഗ്രാമസഭ രജിസ്റ്റർ

3. ഡിമാൻഡ് ,അലോക്കേഷൻ,വേതന രജിസ്റ്റർ

4.വർക്ക് രജിസ്റ്റർ

5.ആസ്തി രജിസ്റ്റർ

6.പരാതി രജിസ്റ്റർ

7.മെറ്റീരിയൽ രജിസ്റ്റർ

## പരിശോധനയിലെ കണ്ടെത്തലുകൾ

>പൂവച്ചൽ പഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയുമായി ബനധപ്പെട്ട് 7 രജിസ്റ്ററുകളും സൂക്ഷിചിട്ടുണ്ട്. ജോബ്കാർഡ് രജിസ്റ്റർ,ആസ്തി രജിസ്റ്റർ, വർക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട് .ഗ്രാമസഭ രജിസ്റ്റർ

പഞ്ചായത്തിന്റെ പൊതു ഗ്രാമസഭയുടേതാണ് .മറ്റുള്ള രജിസ്റ്ററുകൾ എല്ലാം ഫയൽചെയ്ത് സൂക്ഷിക്കുന്നവയാണ്.എല്ലാം 2019 മാർച്ച് 31 വരെ അപ്ഡേറ്റ് ആണ് .

ആസ്തിരജിസ്റ്ററിൽ 62 ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട് . ഇതിൽ 11 എണ്ണം മാത്രമാണ് പൂർത്തിയായതായി കാണിച്ചിട്ടുള്ളത്

ജോബ് കാർഡ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 152 പുതിയ ജോബ് കാർഡുകൾ നൽകിയിട്ടുണ്ട് അപേക്ഷിച്ച എല്ലാവര്ക്കും ജോബ് കാർഡ് നൽകിയിട്ടുണ്ട്

.മെറ്റീരിയൽ രജിസ്റ്ററിൽ വാങ്ങിയതിന്റെയും ഉപയോഗിച്ചതിന്റെയും ബാലൻസ് സ്റ്റോക്കിന്റെയും വിവരങ്ങൾ തീയതിവച്ചു രേഖപ്പെടുതുന്നില്ല.MIS ൽ നിന്നുള്ള പ്രിന്റുകൾ ആണ് സൂക്ഷിച്ചിട്ടുള്ളത് .

**വാർഷിക മാസ്റ്റർ സർക്കുലർ (AMC) പ്രകാരം വർക്ക് ഫയലിൽ നിയമാനുസൃതം ഉണ്ടായിരിക്കേണ്ട രേഖകൾ**

1.കവർ പേജ്

2 ചെക്ക് ലിസ്റ്റ്

3 ആക്ഷൻ പ്ലാൻ കോപ്പി

4 ഭരണാനുമതി

5 സാങ്കേതികാനുമതി

6 എസ്റ്റിമേറ്റ്7 എസ്റ്റിമേറ്റ് ഡിസൈൻ

8 .അലോക്കേഷൻ ഫോറം

9. ഇ – മസ്റ്റർ റോൾ

10.ഫയൽ ട്രാക്കിംഗ് ഫോറം

11. വേജ് ലിസ്റ്റ്

12. ഫണ്ട് ട്രാൻസ്ഫർഓർഡർ

13. M.Book

14. മെറ്റീരിയൽ പ്രൊക്യൂർമെന്റ് സ്റ്റേറ്റ്മെന്റ് (ആവശ്യമുണ്ടെങ്കിൽ )

15. മെറ്റീരിയൽ ബിൽ ,വൗച്ചർ

16. ജിയോ ടാഗ്ഗ് ഫോട്ടോ

17. മെഷർമെന്റ് ബുക്ക്

18. റോയൽറ്റി പേയ്മെന്റ് രസീത്

19. ഫോട്ടോസ് (3 level)

20. . കംപ്ലീഷൻ സർട്ടിഫിക്കറ്റ്

21 .സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

22. സൈറ്റ് ഡയറി

| Sl No | Name of work | Details of file verification and field verification |
|---|---|---|
| | AV/207O പട്ടകുളം വാർഡിൽ അംഗൻവാടി ഹെട്ടിട നിർമ്മാണം<br><br>അടങ്കൽ തുക : 500000 രൂപ.<br><br>Unskilled wage – Rs 42264<br>Semi skilled wage – Rs 113793<br>Meterials –<br>Rs 301969<br>Rs 5032<br>Rs 1500<br>ആകെ ചെലവ് : 464558 രൂപ | ഫയൽ പരിശോധന :<br>AMC പ്രകാരമുള്ള ഫയൽ രേഖകളിൽ ആക്ഷൻ പ്ലാൻ കോപ്പി,ഫോട്ടോസ് ,പൂർത്തീകരണ സർട്ടിഫിക്കറ്റ് ,മെറ്റീരിയൽ പ്രോക്യുർമെന്റ് സ്റ്റേറ്റ്മെന്റ് ,മെറ്റീറിയൽ ബില്ലുകൾ ,വൗച്ചർ എന്നിവ ഫയലിൽ ഇല്ല.<br>രേഖകൾപ്രകാരം 27/1/2019 ന് ആണ് പദ്ധതി ആരംഭിച്ചിട്ടുള്ളത് .<br>മെ റ്റീരിയൽ : 301969 ,5032,1500 എന്നീ തുക കൾക്കുള്ള മെറ്റീരിയൽ ഫണ്ട് അനുവദിച്ചതിന്റെ രേഖകൾ ഉണ്ടെങ്കിലും സാധനങ്ങൾ വാങ്ങിയ ബില്ലുകളോ വൌച്ചറുകളോ ഫയലിൽ ഇല്ല .<br><br>ഫീൽഡ് പരിശോധന :<br>രേഖകൾ പ്രകാരം 27-1-2019 ന് ആരംഭിച്ചതായി കാണുന്ന കെട്ടിട നിർമ്മാണം ഈ തീയതിക്ക് മുമ്പ് പൂർത്തിയായി ഫെബ്രുവരി 5ന് ഉൽഘാടനം ചെയത് പ്രവർത്തനം ആരംഭിച്ചതായി കാണാൻ കഴിഞ്ഞു<br>കെട്ടിട നിർമ്മാണം പൂർത്തിയായതിനുശേഷമാണ് അവിദഗ്ധ-വിദഗ്ധ തൊഴിലുകൾക്കുള്ള മസ്റ്റർറോള് അനുവദിച്ചിരിക്കുന്നത്.നിലവിലെ തൊഴിലാളികൾ ആരും തന്നെ ഈ പ്രവർത്തിയിലെ അവിദഗ്ധ തൊഴിൽ ചെയ്തിട്ടില്ല .<br>കണ്ടെത്തലുകൾ :<br>ഈ പ്രവർത്തി പൂർണമായും ഒരു കരാർ വർക്ക് ആണ് .<br>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പദ്ധതിയിൽ കരാറുകാരോ ഇടനിലക്കാരോ പാടില്ല.മെറ്റീരിയൽ വർക്കുകളിൽ നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് മാത്രമേ കരാർ |

| | | |
|---|---|---|
| | | നൽകാൻ പാടുള്ളൂ. നിയമാനുസൃതമുള്ള ടെണ്ടർ വഴി അംഗീകൃത വെണ്ടറിൽ നിന്ന് മെറ്റീരിയൽ വാങ്ങിയതിന്റെ ബില്ലും വൌച്ചറും ഫയലിൽ സൂക്ഷിക്കുകയും മെറ്റീരിയൽ സ്റ്റോക്ക് എഴുതി സൂക്ഷിക്കുകയും വേണം .ഈ രേഖകൾ ഒന്നും തന്നെ ഫയലിൽ കാണാൻ കഴിഞ്ഞില്ല .<br>പൂർണമായും കരാർ നൽകി പ്രവർത്തി ചെയ്യിക്കുന്നത് നിയമവിരുദ്ധമാണ് . |
| 2 | IC/32227 പട്ടകുളം വാർഡിൽ വീരണകാവ് മേഖലയിൽ കനാൽ പുനരുദ്ധാരണം 5000-5500 മീറ്റർ<br><br>അടങ്കൽ തുക :300000 രൂപ<br>ആരംഭിച്ചത് : 1 -2-2019<br>അവസാനിച്ചത് : 26-2-2019<br><br>തൊഴിൽദിനങ്ങൾ :1028<br><br>ആകെ ചെലവ് : 283728 രൂപ | ഫയൽ പരിശോധന :<br>ആക്ഷൻ പ്ലാൻ കോപ്പി ,ഡിമാൻഡ് ഫോറം ,അലോക്കഷൻ ലിസ്റ്റ് .ഫോട്ടോസ് ,completion certificate<br>FTO, M-BOOK എന്നീ പ്രധാന രേഖകൾ ഫയലിൽ ഇല്ല .<br>രണ്ടു ഗ്രൂപുകൾ ആയി 88 തൊഴിലാളികൾ ആണ് ഈ പ്രവർത്തി ചെയ്തിട്ടുള്ളത് .<br>മെഷർമെന്റ് രേഖപ്പെടുത്താതെയാണ് പദ്ധതിക്ക് ഫണ്ട് അനുവദിച്ചിരിക്കുന്നത് .<br><br>ഫീൽഡ് പരിശോധന :<br><br>വീരണകാവ് മേഖലയിലെ നെയ്യാർ കനാലിന്റെ 5000 മീറ്റർ ഭാഗമാണ് നവീകരിച്ചതായി രേഖകളിൽ കാണുന്നത് .അളവുകൾ രേഖപ്പെടുത്തിയ M BOOK ഫയലിൽ ഇല്ലാത്തതിനാൽ എത്ര മീറ്റർ നവീകരിച്ചിട്ടുന്ടെന്ന്പ്രവ്ർത്തി ചെയ്തു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല .കനാൽ വശങ്ങൾ കാടുപിടിച്ച അവസ്ഥയിലാണ് .<br>ചെളി നീക്കം ചെയ്യൽ എന്ന പ്രവർത്തിയാണ് എസ്റ്റിമേറ്റ് ൽ കാണിച്ചിട്ടുള്ളത് .നീക്കം ചെയ്ത ചെളി കരയിൽകാണാൻ കഴിഞ്ഞില്ല.<br><br>ഈ പ്രവർത്തി നടക്കുന്ന സമയത്ത് കേന്ദ്ര സംഘം സൈറ്റ് സന്ദർശിച്ചിട്ടുള്ളതും തൊഴിലാളികൾ ചെളി നീക്കം ചെയ്തിട്ടില്ലെന്നും നീക്കം ചെയ്യാനുള്ള ചെളി കനാലിൽ ഇല്ലെന്നും ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയ തുക അനാവശ്യ ചെലവ് ആയതിനാൽ തുക തിരിച്ചുപിടിക്കെണ്ടാതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ് . ചെളി നീക്കം ചെയ്യണമെന്ന്ആവശ്യപ്പെട്ടുകൊണ്ടുള്ള ഇറിഗേഷൻ വകുപ്പിന്റെ ശുപാർശ കത്തും ഫയലിൽ ഉണ്ടായിരുന്നില്ല .<br>സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് |

| | | |
|---|---|---|
| 3 | | സ്ഥാപിച്ചിട്ടുണ്ട് . |
| 3 | | ഫയൽ പരിശോധന :<br>ആക്ഷൻ പ്ലാൻ കോപ്പി, ഡിമാൻഡ് ഫോറം ,അലോക്കേഷൻ ലിസ്റ്റ് ,FTO, ഫോട്ടോസ് ,M BOOK എന്നിവ ഫയലിൽ ഇല്ല.<br>മസ്റ്റർ റോളിൽ തിരുത്തലുകൾ ഉണ്ട് .<br>മെഷർമെന്റ് രേഖപ്പെടുത്താതെയാണ് പദ്ധതി ചെലവിന് ഫണ്ട് അനുവദിച്ചിട്ടുള്ളത് .<br><br>ഫീൽഡ് പരിശോധന :<br><br>അഞ്ച് പ്ലോട്ടുകളിലാണ് പ്രവർത്തി ചെയ്തിട്ടുള്ളത് മെഷർ മെന്റ് രേഖകൾ ഫയലിൽ ഇല്ലാതിരുന്നതിനാൽ ഫീൽഡിൽ എത്രപ്രവർത്തിചെയ്തിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല .എങ്കിലും എസ്റ്റിമേറ്റ് തുകയുടെ 97.5 ശതമാനം തുക ചെലവാക്കിയിട്ടുല്ലതിനാൽ അത്ര തന്നെ അളവിൽ പ്രവർത്തിയും ചെയ്തു കാണേണ്ടതാണ്.<br>എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവർത്തികൾ :<br>മഴക്കുഴി -50 ( 1'5 M,L+1.5M B+1M D)<br>ചാലുകൾ : 35(22M +.75M + .50 M )<br>മണ്ണ് ബണ്ട് : 54 ( 20m+.60M+.90m)<br>കല്ലടുക്ക് : 35 (14 M)<br>ഫീൽഡിൽ കാണാൻ കഴിഞ്ഞത് :<br>മഴക്കുഴി : 9<br>ചാലുകീറൽ : 6 ( നേരത്തെ ഉണ്ടായിരുന്ന ചാലുകൾ ആണെന്ന് പരിസരവാസികൾ പറയുന്നു )<br>കല്ലടുക്ക് : 3<br>ഇവ കൂടാതെ തെങ്ങിൻ തടം .വാഴക്കുഴികൾ ,പണകൾ, എന്നിവയും ചെയ്തിട്ടുണ്ട് . മഴക്കുഴികൾ പറഞ്ഞിട്ടുള്ള അളവിനേക്കാൾ കൂടിയ അളവിൽ ഉള്ള കുഴികളാണ് .അതിൽ നാലെണ്ണം വേസ്റ്റ് കുഴി കളായി ഉപയോഗിക്കുന്നു ,എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവർത്തികളാണ് കൂടുതൽ ചെയ്തിട്ടുള്ളത് .എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള പ്രവർത്തിയുടെ 22 ശതമാനം(Rs 62420) മാത്രമേ |

| | | |
|---|---|---|
| | | കാണാൻ കഴിഞ്ഞിട്ടുള്ളൂ . |
| 4 | WC/333505<br>പട്ട്കുളം മേഖലയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ<br><br>അടങ്കൽ തുക : 500000 രൂപ<br><br>ആരംഭം :<br><br>അവസാനം :<br><br>തൊഴിൽദിനങ്ങൾ :<br>ആകെ ചെലവ് : 489072 രൂപ | ഫയൽ പരിശോധന :<br>ആക്ഷൻ പ്ലാൻ കോപ്പി, ഡിമാൻഡ് ഫോറം അലോക്കേഷൻ ലിസ്റ്റ് , ഫോട്ടോസ് , ജിയോ ടാഗ് ഫോട്ടോ ,FTO,പൂർത്തീകരണ സർട്ടിഫിക്കറ്റ് , മെഷർ മെന്റ് ബുക്ക് എന്നിവ ഫയലിൽ ഇല്ല .<br>മസ്റ്റർ റോള് പ്രകാരം 1885 തൊഴിൽ ദിനങ്ങൾ ഉണ്ട് ,ഇതിൽ 1772ദിവസങ്ങൾക്കാണ് വേതനം കണക്കാക്കിയിട്ടുള്ളത് .<br>മസ്ററർ റോളിൽ തിരുത്തലുകൾ ഉണ്ട് .<br>മെഷർമെന്റ് ബുക്കിൽ ചെയ്യിട്ടുള്ള പ്രവർത്തികളുടെ അളവുകൾ രേഖപ്പെടുത്താതെയാണ് ഈ പ്രവർത്തിയുടെ ചെലവിനു ഫണ്ട് അനുവദിച്ചിട്ടുള്ളത്.<br><br>ഫീൽഡ് തല പരിശോധന :<br><br>18 പുരയിടങ്ങളിലായാണ് പ്രവർത്തികൾ ചെയ്യിട്ടുള്ളത്<br>മെഷർമെന്റ് രേഖപ്പെടുതിയിട്ടില്ലാതതിനാൽ ഈ പ്രവർത്തി എത്ര അളവിൽ ചെയ്യിട്ടുണ്ടെന്ന് ഫയലും ഫയെല്ലും തമ്മിൽ ഒത്തുനോക്കാൻ കഴിഞ്ഞിട്ടില്ല .<br>എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ 97 ശതമാനം ചെലവാക്കിയിട്ടുള്ളതിനാൽ അത്രയും അളവിലുള്ള പ്രവർത്തിയും ഫീൽഡിൽ കാണേണ്ടതാണ് .<br>എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവർത്തികൾ :<br>മഴക്കുഴി – 75<br>മണ്ണ് ബണ്ട് -63<br>ചാലുകൾ - 35<br>പ്രവർത്തിസ്ഥലത്ത് കാണാൻ കഴിഞ്ഞത് :<br>മഴക്കുഴി : 12<br>ചാലുകൾ : 13<br>ബണ്ട് : 6<br>തെങ്ങിന് തടം വെട്ടൽ ,വാഴക്കുഴികൾ പണപിടിക്കൽ തുടങ്ങിയ എസ്റ്റിമേറ്റ് ൽ ഇല്ലാത്ത പ്രവർത്തികൾ ചെയ്യിട്ടുണ്ട്<br>എസ്റ്റിമേറ്റ് ചെയ്ത പ്രവർത്തിയുടെ 21 ശതമാനം മാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളൂ.(102705 രൂപയ്ക്കുള്ള പ്രവർത്തികൾ ). ബാക്കി തുക നഷ്ടമായി കണക്കാക്കേണ്ടതുണ്ട് . |
| | DP/276117<br>പട്ടകുളം വാർഡിൽ | ഫയൽ പരിശോധന :<br>ഈ പ്രവർത്തിയുടെ ഫയലിൽ ആക്ഷൻ പ്ലാൻ കോപ്പി ,സാങ്കേതിക അനുമതി , ഡിമാൻഡ് |

| | | |
|---|---|---|
| | തെങ്ങിൻ തൈയ് വച്ചുപിടിപ്പിക്കൽ ( 100 തൈകൾ)<br><br>അടങ്കൽ തുക : 100000 രൂപ<br>ആരംഭം : 14-12-2018<br>അവസാനം : 24-1-2019<br>തൊഴിൽ ദിനങ്ങൾ : 339<br><br>ആകെ ചെലവ് : 93564 രൂപ | ഫോറം അലോക്കേഷൻ ലിസ്റ്റ് ,ഫോട്ടോസ് ,പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഇല്ല<br>മസ്ററർ റോള് പ്രകാരം 345 തൊഴിൽ ദിനങ്ങൾ ഉണ്ട്. 6 ദിവസം കുറച്ച് 339 ദിവസത്തേക്കാണ് വേതനം കണക്കാക്കിയിട്ടുള്ളത്.<br>മെഷർമെന്റ് ബുക്കിൽ ഫൈനൽ ബിൽ മാത്രമേ എഴുതിയിട്ടുള്ളൂ.ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ആരും തന്നെ M book ൽ ഒപ്പും സീലും തീയതിയും വച്ചിട്ടില്ല.<br>വേതനവും ആയുധവാടകയും ചേർന്ന 93564 രൂപയ്ക്ക് പുറമേ മെറ്റീരിയൽ ഇനത്തിൽ 4950 രൂപയും ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. As per bill എന്ന് കാണിച്ചാണ് എഴുതിയിട്ടുള്ളതെങ്കിലും അങ്ങനെ ഒരു ബിൽ ഫയലിൽ ഇല്ല. ഏതു മറ്റീരിയൽഇനത്തിലാണ് ഈ തുക ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും അറിയാൻ കഴിഞ്ഞിട്ടില്ല. മെറ്റീരിയൽ ഒന്നും തന്നെ ഈ പ്രവർത്തിയിൽ ഉപയോഗിച്ചിട്ടില്ല.<br><br>ഫീൽഡ് പരിശോധന :<br>\<br>വാർഡിന്റെ എല്ലാ ഭാഗത്തുമായി വീട് പറമ്പിലും പുരയിടങ്ങളിലുമായി 100 തെങ്ങിൻ തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.<br>ഈ പ്രവർത്തി ചെയ്യാനായി തെങ്ങിൻ തൈകൾ വാങ്ങുന്നതിനായി ഓരോ തൊഴിലാളിയിൽ നിന്നും 1850 രൂപ വീതം പിരിവ് ഉണ്ടായിട്ടുണ്ട് .തൊഴിലാളികളുടെ സമ്മതതോടെയാണ് ഇങ്ങനെ ചെയ്തതെങ്കിലും തൊഴിൽ ലഭിക്കുന്നതിനു വേണ്ടിയാണ് അവർ ഇത് നൽകിയത്.<br>15 തൊഴിലാളികളാണ് ഈ പ്രവർത്തി ചെയ്തിട്ടുള്ളത്. 27750 രൂപ ഇവർ നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവ് സംബന്ധിച്ച ഒരു വിവരവും തൊഴിലാളികൾക്ക് അറിയില്ല. തെങ്ങിൻ തൈവാങ്ങി എന്ന് മാത്രമേ അവർക്ക് അറിയൂ. ഇത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിലും ഇല്ല .<br>തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യുന്നതിന് തൊഴിലാളികൾക്ക് പണച്ചെലവ് ഒന്നും തന്നെ ഉണ്ടാകാൻ പാടില്ലാത്തതാണ്. പദ്ധതി ചെലവിൽ ഉൾപ്പെടുത്തി തന്നെ അനുബന്ധചെലവുകളും നിർവഹിക്കേണ്ടതും ഫണ്ട് അനുവദിക്കേണ്ടതുമാണ്. |
| 6 | RC/274248<br>പട്ടകുളം മങ്കാരക്കോണം | ഫയൽ പരിശോധന :<br>ഫയൽരേഖകൾ പ്രകാരം ഈ പ്രവർത്തി ഇതുവരെ പൂർത്തിയായിട്ടില്ല .<br>ആക്ഷൻ പ്ലാൻ കോപ്പി,ഫോട്ടോസ് എന്നിവ |

| | | |
|---|---|---|
| | റോഡ് കോൺക്രീറ്റ്<br><br>60 മീറ്റർ റോഡ് കോൺക്രീറ്റ്, 12 മീറ്റർ സൈഡ് വാൾ നിർമ്മാണം<br><br>അടങ്കൽ തുക : 500000 രൂപ<br>ഇതുവരെ ചെലവ് : 181050 രൂപ<br><br>മെറ്റീരിയൽ : 125311 രൂപ<br>RENTALS :4980 രൂപ<br>UNSKILLED WAGE: 17615 രൂപ<br>SEMI SKILLED : 32819<br>SHARPENING : 325 | ഫയലിൽ സൂക്ഷിച്ചിട്ടില്ല .<br>Material work നു ആവശ്യമായ ടെണ്ടർ പരസ്യം .ടെണ്ടറുകളുടെ വിവരം ,മെറ്റീരിയൽ ലിസ്റ്റ് മെറ്റീരിയൽ ബിൽ ,എന്നിവ ഫയലിൽ ഉണ്ട്. 16-3-2019 നു 130291 രൂപ യുടെ മെറ്റീരിയൽ ഫണ്ട് അനുവദിച്ചിട്ടുണ്ട് .<br>M BOOK ൽ 17615 രൂപയുടെ അവിദഗ്ദ്ധ വേതനം എഴുതിയിട്ടുണ്ടെങ്കിലും മസ്റ്റർ റോള് ഫയലിൽ ഉണ്ടായിരുന്നില്ല . MIS പ്രകാരം മാർച്ച് 31 വരെയും ഈ പ്രവർത്തിയിൽ UNSKILLED,SKILLED മസ്ററർ റോൾസ് എടുത്തിട്ടില്ല .<br><br>ഫീൽഡ് പരിശോധന : ഫീൽഡ് പരിശോധനയിൽ റോഡ് കോൺക്രീറ്റ് പൂർത്തിയായതായി കാണാൻ കഴിഞ്ഞു .പണി പൂർത്തിയായതിനു ശേഷമാണ് രേഖകൾ പ്രകാരം വർക്ക് ആരംഭിച്ചിരിക്കുന്നത് . തൊഴിലാളികൾ ആരും തന്നെ ഈ പ്രവർത്തിയിലെ അവിദഗ്ദ്ധ തൊഴിൽ ചെയ്തിട്ടില്ല .<br><br>60 മീറ്റർ റോഡ് കോൺക്രീറ്റ് , 12 മീറ്റർ സൈഡ് വാൾ നിർമ്മാണം എന്നിവ ചെയ്തിട്ടുണ്ട് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട് .15-3-2019 ന് പ്രവർത്തി |
| | | |

കണ്ടെത്തലുകൾ :

- പട്ടകുളം വാർഡിലെ പട്ടകുളം വാർഡിലെ 286 ആക്റ്റീവ് തൊഴിലാളികളിൽ 119 പേർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് . മറ്റുള്ളവർക്ക് തൊഴിൽ ചെയ്യാൻ കഴിയാതെ പോയതുകൊണ്ടാണ് നൂറ് ദിവസം തികയ്ക്കാൻ സാധിക്കാത്തത് .
- പുതിയ ജോബ് കാർഡ് അപ്ഡേറ്റ് ആക്കിയിട്ടില്ല .
- വർക്ക് സൈറ്റുകളിൽ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നില്ല. തണലിനുള്ള ടാർപോളിൻ ,First aid box തുടങ്ങിയവ ലഭ്യമാക്കാനുള്ള ചെലവ് പദ്ധതി ഫണ്ടിൽ നിന്നും നിർവഹിച്ചുകാണുന്നില്ല .
- രണ്ടു ജോബ് കാർഡ് ഉണ്ടായിട്ടും ഒരു റേഷൻ കാർഡ്ആയതിന്റെ പേരിൽ അങ്ങനെയുള്ള കുടുംബങ്ങൾക്ക് ഒരു ജോബ് കാർഡിന് 50 തൊഴിൽ ദിനങ്ങൾ മാത്രമേ നൽകുന്നുള്ളൂ .
- വർക്ക് ഫയലുകളിൽ നിയമ പ്രകാരമുള്ള രേഖകൾ എല്ലാം ഉൾപ്പെടുത്തിയിട്ടില്ല

- ഒരു ഫയലിലും M BOOK ൽ ബില്ലുകൾ കൃത്യമായി രേഖപ്പെടുത്തുകയോ സെക്രട്ടറി /AS ഒപ്പ്, സീൽ തീയതി തു ടങ്ങിയവ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല . രണ്ടു വർക്ക് ഫയലുകളിൽ MBOOK ഇല്ലായിരുന്നു.മെഷർ മെന്റ് രേഖപ്പെടുത്താതെയാണ് ഈ പ്രവർത്തികൾക്ക് ഫണ്ട് അനുവദിച്ചിരിക്കുന്നത്
- സോഷ്യൽ ഓഡിറ്റ് ന് വിധേയമാക്കിയ പ്രവർത്തികളിൽ അംഗൻവാടി കെട്ടിട നിർമ്മാണം ,മന്കാരക്കോണം റോഡ് കോൺക്രീറ്റ് എന്നീ പ്രവകൾ പൂർണമായും കരാർ വർക്ക് ആണ്. തൊഴിലുറപ്പ് പദ്ധതിയി ൽ കരാർ പ്രവർത്തി നിയമ വിരുദ്ധമാണ്
- തെങ്ങിൻ തൈ നട്ടുപിടിൽ എന്ന പ്രവർത്തിയിൽ തൊഴിൽ ചെയ്യുന്നതിന് തൊഴിലാ ളികൾക്ക് രൂപ ചെലവാക്കേണ്ടതായി വന്നു . ഇത് നിയമ വിരുദ്ധമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യുന്നതിന് തൊഴിലാളികൾക്ക് യാതൊരു ചെലവും ഉണ്ടാകാൻ പാടില്ല .
- മണ്ണ് ജല സംരക്ഷണ പ്രവർത്തികളുടെ രണ്ടു വർക്കുകളിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ ഫീൽഡിൽ കാണാൻ കഴിഞ്ഞിട്ടില്ല .
- മസ്റ്റർറോൾ പ്രകാരം തൊഴിലാളികൾ ജോലി ചെയ്തിട്ടുള്ള എല്ലാ ദിവസങ്ങൾക്കും വേതനം നൽകിയിട്ടില്ല .ദിവസം കുറച്ചാണ് വേതനം കണക്കാക്കിയിട്ടുള്ളത് .( മണ്ണ് ജല സംരക്ഷണം, തെങ്ങിൻ തൈയ് വച്ച് പിടിപ്പിക്കൽ )
- മന്കാര ക്കോണം റോഡ് കോൺക്രീറ്റ് എന്നപ്രവർത്തിയിലൊഴികെ മറ്റു വർക്ക് സൈറ്റുകളിലൊന്നും സിറ്റിസൺ ഇന്ഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടില്ല .

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട് – പട്ടകുളം വാർഡ് 10-8-2019 ശനിയാഴ്ച

പട്ടകുളം വാർഡിൽ നടത്തിയ സോഷ്യൽ ഓഡിറ്റിന്റെ കരട് റിപ്പോർട്ട് അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും അംഗീകരിക്കുന്നതിനുമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സെക്ഷൻ 17 പ്രകാരമുള്ള സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 10-8-2019 നു കല്ലാമം ഉർസു ലൈൻ സ്കൂളിൽ തൊഴിലുറപ്പ് തൊഴിലാളിയായ ശ്രീമതി ബിനുവിന്റെ അധ്യക്ഷതയിൽ നടന്നു , വെള്ളനാട് BRP ശ്രീകല ഗ്രാമസഭ ഫെസിലിറ്റേറ്റ് ചെയ്തു

പ്രളയദുരന്തത്തിൽ മരണപ്പെട്ടവർക്ക് അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് 10.40 ന് യോഗ നടപടികൾ ആരംഭിച്ചു ,ബഹു.വാർഡ് മെമ്പർ ശ്രീ സ്റ്റീഫൻ യോഗത്തിന് സ്വാഗതം ആശംസിച്ചു, ബഹു.പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാമചന്ദ്രൻ ,അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി ആശ ,ക്ലർക്ക് ശ്രീ.പ്രേമൻ ,

MGNREGS AE ശ്രീ മുനീർ, DEO CUM ACCOUNTANT  ശ്രീ അജീഷ്, നെടുമങ്ങാട്  BRP ശ്രീമതി ഫെബിന എന്നിവരും 126 തൊഴിലാളികളും ഗ്രാമസഭയിൽ പങ്കെടുത്തു. 1 2  മണിക്ക് ശേഷമാണ് MGNREGS ,AE എത്തിയത് .

നെടുമങ്ങാട് BRP  ഫെബിന സോഷ്യൽ ഓഡിറ്റ് എന്താണെന്നും എങ്ങനെയാണ് നടത്തപ്പെടുന്നതെന്നും വളരെ വിശദമായി യോഗത്തെ ബോധ്യപ്പെടുത്തി

റിപ്പോർട്ട് അവതരണം :

 സോഷ്യൽ ഓഡിറ്റ് RP ശ്രീകല സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്  അവതരിപ്പിച്ചു. തൊഴിലാളികളുടെ അവകാശങ്ങൾ , തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ ,തുടങ്ങിയവ  യോഗത്തെ ബോധ്യപ്പെടുത്തി

ചർച്ച :

തുടർന്ന് റിപ്പോർട്ടിൽ അവതരിപ്പിച്ച കാര്യങ്ങളിൽ ചർച്ച നടന്നു .

ചർച്ചയ്ക്ക് വന്ന വിഷയങ്ങൾ :

>തൊഴിലിടങ്ങളിൽ അടിസ്ഥാന സൗകര്യം ലഭിക്കുന്നില്ല.ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കണം, First –aid Box,  ആരോഗ്യ സുരക്ഷയ്ക്കുള്ള കയ്യുറകൾ ,കാലുറകൾ ഇവ ലഭ്യമാക്കണം .

> തൊഴിൽ ലഭിക്കാൻ വൈകുന്നു . വാർഡിലെ രണ്ടു ടീമുകൾക്ക് തൊഴിൽ ലഭിച്ചിട്ടും മറ്റു രണ്ടു ഗ്രൂപ്പിന് ഈ വർഷം ഇതുവരെയിട്ടും തൊഴിൽ ലഭിച്ചിട്ടില്ല ,എത്രയും പെട്ടന്ന് തൊഴിൽ ലഭ്യമാക്കണം .

>രണ്ടു തൊഴിൽ കാർഡ് ഉണ്ടായിട്ടും റേഷൻ കാർഡ് ഒന്നായതിനാൽ ഓരോ തൊഴിൽ കാർഡ് നും 50 തൊഴിൽ ദിനങ്ങൾ മാത്രമേ നൽകുന്നുള്ളൂ. 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കണം

> എല്ലാ തൊഴിലാളികളോടും ഒരുപോലെ ഇടപെടാനും പെരുമാറാനും മേറ്റ് മാർക്ക് നിർദേശം നൽകണം

>SC തൊഴിലാളികൾക്ക് 100 ദിവസത്തിൽ കൂടുതൽ തൊഴിൽ ലഭിക്കാൻ നിയമമുണ്ടെങ്കിൽ അത് നൽകണം .

> 100 തൊഴിൽ ദിനങ്ങൾ  പൂർത്തിയാകുന്നതിനു മുമ്പ് മസ്റ്റർ റോള് ൽ പണിയില്ല എന്ന് കാണിച്ചു വരുന്നു . ഇത് മാറ്റി നൂറ് തൊഴിൽ ദിനങ്ങൾ നൽകണം .

മറുപടി പ്രസംഗം -  NREGS AE

  തുടർന്ന് ചർച്ചയ്ക്ക് വന്ന വിഷയങ്ങളിന്മേലും റിപ്പോർട്ടിൽ അവതരിപ്പിച്ച

കാര്യങ്ങൾക്കും AE  ശ്രീ മുനീർ  മറുപടി പറഞ്ഞു .

മറുപടികൾ :

>പഞ്ചായത്തിൽ 6000  തൊഴിലാളികൾക്കായി ആറുലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കേണ്ടത് .ആറ് സ്റ്റാഫ് കളെ കൊണ്ട് ഇതിനു സാധിക്കില്ല

> തൊഴിൽ ആകുന്ന മുറയ്ക്ക് തരാൻ മാത്രമേ കഴിയൂ .

> തൊഴിലിന് വേതനം കൂടാതെ പണിആയുധ വാടകയും കിട്ടുന്നുണ്ടല്ലോ ,ആ തുക കൊണ്ട് അടിസ്ഥാന സൌകര്യങ്ങൾക്കുള്ള കാര്യങ്ങൾ തൊഴിലാളികൾക്ക് തന്നെ ചെയ്യാമല്ലോ .

> ഒരു റേഷൻ കാർഡിൽ രണ്ടു തൊഴിൽ കാർഡ് ഉള്ളതിൽ ഒന്ന് റദ്ദ് ചെയ്യും .

>അംഗൻവാടി കെട്ടിട നിർമ്മാണം മെറ്റീരിയൽ വർക്ക് ആയതിനാൽ അത് തൊഴിലാളികൾക്ക് ചെയ്യാൻ പറ്റില്ല.

>RP  നിയമമാണ് പറയുന്നത് . എല്ലാ നിയമങ്ങളും അതേപടി നടപ്പിലാക്കാൻ കഴിയില്ല .  കോടതി നിയമം വേറെ ,കുടി നിയമം വേറെ. ഉദാഹരണം KSRTC

ഈ  സമയം വേദിയിൽ അധ്യക്ഷയുടെ അടുത്ത് ഇരുന്നിരുന്ന CDS  ചെയർ പെഴ്സൻ  ശ്രീമതി ഷീബ പെട്ടെന്ന് മൈക്ക് വാങ്ങി ,അംഗൻ വാടി കെട്ടിടനിർമ്മാണത്തെ കുറിച്ചുള്ള പരാമർശം അംഗീകരിക്കാൻകഴിയില്ലെന്നും  കെട്ടിടം നല്ലരീതിയിൽ ആണ് നിർമ്മിച്ചിട്ടുള്ള തെന്നും അതിനാൽ ഈ റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ലെന്നും  പറഞ്ഞു . കൂടാതെ ഇങ്ങനെയുള്ള മെറ്റീരിയൽ വർക്ക് കളിൽ അവിധഗ്ധ തൊഴിലാളികളെ ഉൾപ്പെടുത്തണമെങ്കിൽ അവർക്ക് സോഷ്യൽ ഓഡിറ്റ് നടത്തുന്നവർ പരിശീലനം നൽകണമെന്നും പറഞ്ഞു .

ഇതേതുടർന്ന്  RP  യുടെ ഇടപെടൽ ഉണ്ടായി .ശ്രീമതി ഷീബയോടു അവർ തൊഴിലാളിയാണോ എന്ന് ചോദിച്ചു . അല്ല താൻ CDS   ആണെന്ന് മറുപടിയുണ്ടായി .ഒന്നുരണ്ടുവർഷം മുൻപ് തൊഴിലാളി ആയിരുന്നു വെന്നും പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇരിക്കേണ്ടത് മറുഭാഗത്ത് ആണെന്നും അധ്യക്ഷയുടെ അടുത്ത് അല്ലെന്നും  RP  പറഞ്ഞു . റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങളെകുറിച്ച് അഭിപ്രായം  പറയേണ്ടത് പ്രവർത്തികളിൽ പങ്കാളികളായവരനെന്നും തൊഴിലാളികളുടെ യോഗമാന് റിപ്പോർട്ട് അംഗീ കരിക്കേണ്ടതെന്നും  RP  അറിയിച്ചു. തുടർന്ന്  വേദിയിൽ അധ്യക്ഷയും ജനപ്രതിനിധികളും നിർവഹണ ഉധ്യോഗസ്ഥരും ഇരിക്കേണ്ട രീതിയെ ക്കുറിച്ചും RP  വിശദീകരിച്ചു.    അംഗൻ വാടി  കെട്ടിട നിർമ്മാണത്തിലെ അപാകതയല്ല ,ആ വർക്ക് ന്റെ ഫയലിലും ഫീൽഡിലും കണ്ട കാര്യങ്ങളാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താണെന്നും തെളിവുകൾ കൈവശം ഉണ്ടെന്നും RP അറിയിച്ചു .

തുടർന്ന്  റിപ്പോർട്ട് അംഗീകരിക്കേണ്ടത് നിങ്ങളാണ് എന്ന്
തൊഴിലാളികളോട് പറഞ്ഞിട്ട് മെമ്പർ വേദിയിൽ നിന്ന് ഇറങ്ങി പുറത്തു നി.
അധ്യക്ഷ റിപ്പോർട്ട് അംഗീകരിക്കാമോ എന്ന് യോഗത്തോട് ചോദിച്ചു .
യോഗം അംഗീകരിക്കുന്നു വെന്നു പറഞ്ഞു. എങ്കിൽ കയ്യടിച്ച് പാസാക്കാൻ
പുറത്ത് നിന്ന മെമ്പർ പറഞ്ഞു. യോഗം കയ്യടിച്ച് അംഗീകരിച്ചു .
തീരുമാനങ്ങൾ എടുക്കാനുള്ള അനുകൂല സമീപനം ഉദ്യോഗസ്ഥരുടെ
ഭാഗത്തുനിന്നും ഉണ്ടായില്ല . തുടർന്ന് യോഗം പിരിച്ചുവിട്ടതായി  അധ്യക്ഷ
അറിയിച്ചു .